**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *121 **08/06/2018 ൽ** മറുപടിക്ക്

## ഫ്ലക്സ് നിരോധനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ**<br>**ശ്രീ.പി.ഉബൈദുള്ള**<br>**ശ്രീ.മഞ്ഞളാംകുഴി അലി**<br>**ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | | **ഡോ.കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) | പരിസ്ഥിതിയ്ക്ക് ദോഷം ചെയ്യുന്ന ഫ്ലക്സ് ഉല്പന്നങ്ങളുടെ നിർമ്മാണവും ഉപയോഗവും നിരോധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | എ) പി.വി.സി നിർമ്മിത ഫ്ലക്സ് സംസ്ഥാനത്ത് നിരോധിക്കുന്നതിന്റെ പ്രായോഗിക വശങ്ങൾ പരിശോധിച്ചു വരുന്നു. |
| ബി) | ഈ മേഖലയിൽ ജോലി ചെയ്യുന്നവരെ എപ്രകാരം പുനരധിവസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; | ബി) പി.വി.സി ഉപയോഗിച്ചുള്ള ഫ്ലക്സ് നിരോധിച്ചാലും റീസൈക്കിൾ ചെയ്യാവുന്ന പോളി എഥിലീൻ (പോളിത്തീൻ) പോലുള്ള വസ്തുക്കൾ ഉപയോഗിച്ച് അതേ മെഷീനിൽ തന്നെ പ്രിന്റ് ചെയ്യുവാൻ സാധിക്കുമെന്നതിനാൽ നിലവിൽ ഈ മേഖലയിൽ ജോലി ചെയ്യുന്നവരെ പുനരധിവസിപ്പിക്കേണ്ട സാഹചര്യം ഉണ്ടാവുകയില്ല. |
| സി) | ഫ്ലക്സ് ബോർഡുകൾക്ക് പകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | സി) ഫ്ലക്സ് ബോർഡുകൾക്ക് പകരം റീസൈക്കിൾ ചെയ്യാവുന്നതും പി.വി.സി മുക്തവുമായ പോളി എഥിലീൻ (പോളിത്തീൻ) നിർമ്മിത വസ്തുക്കളോ അതുപോലെയുള്ള മറ്റ് വസ്തുക്കളോ, കോട്ടൺ തുണിയോ ഉപയോഗിക്കുന്നതിന്റെ പ്രായോഗികതയാണ് പരിശോധിക്കപ്പെടുന്നത്. |
| ഡി) | ഫ്ലക്സ് നിരോധനം എന്നുമുതൽ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ? | ഡി) ഇതു സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ